**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3224** **11-03-2025 - ൽ മറുപടിയ്ക്ക്**

**ഒറ്റപ്പാലം മണ്ഡലത്തിലെ വർണ്ണക്കൂടാരം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. പ്രേംകുമാർ** | | **ശ്രീ വി ശിവൻകുട്ടി (പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | ഒറ്റപ്പാലം നിയോജക മണ്ഡലത്തിലെ ഏതൊക്കെ സ്കൂളുകളിലാണ് വർണ്ണക്കൂടാരം പദ്ധതി പ്രവർത്തിച്ച് വരുന്നതെന്നും ഇതിനായി എത്ര രൂപയാണ് ചെലവഴിക്കുന്നതെന്നും വിശദമാക്കാമോ; | (എ) | ഒറ്റപ്പാലം നിയോജക മണ്ഡലത്തിലെ വർണ്ണക്കൂടാരം പദ്ധതിയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) | പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ? | (ബി) | അന്താരാഷ്ട്ര നിലവാരമുള്ള പ്രീസ്കൂൾ പഠനാന്തരീക്ഷമൊരുക്കി ശാസ്ത്രീയവും ഗുണ മേന്മയുള്ളതുമായ പ്രീപ്രൈമറി വിദ്യാഭ്യാസ ഉറപ്പാക്കുകയാണ് വർണ്ണക്കൂടാരം പദ്ധതിയി ലൂടെ ലക്ഷ്യമിടുന്നത്. സംസ്ഥാനത്ത് നിലവിലുള്ള പ്രീപ്രൈമറി പാഠ്യപദ്ധതി 5 ശിശു വികാസ മേഖലകളിലായി 3+, 4+, പ്രായത്തിലുള്ള കുട്ടികൾ ആർജ്ജിക്കേണ്ട 86 ലധികം ശേഷികൾ നിശ്ചയിച്ചിട്ടുണ്ട്. പാഠ്യപദ്ധതി ലക്ഷ്യമിടുന്ന ശേഷികൾ ഉറപ്പാ ക്കാനാകുന്ന പഠനാനുഭവങ്ങൾ ഒരുക്കാൻ പ്രീ-പ്രൈമറി അധ്യാപികമാരെ സഹായി ക്കുന്ന പ്രവർത്തനയിടങ്ങൾ (ആക്ടിവിറ്റി ഏരിയകൾ) ആണ് പദ്ധതിയുടെ ഭാഗമായി അംഗീകൃത പ്രീപ്രൈമറി സ്കൂളുകളിൽ സജ്ജമാക്കുന്നത്. കുട്ടികൾക്ക് സ്വന്തം ഇഷ്ടപ്രകാരവും സ്വതന്ത്രമായും പഠന പ്രവർത്തനങ്ങളിൽ ഏർപ്പെടാൻ കഴിയും വിധം വൈവിധ്യമാർന്ന പഠനോപകരണ ങ്ങൾ വർണ്ണക്കൂടാരങ്ങളിൽ സജ്ജീകരി ച്ചിട്ടുണ്ട്. വർണ്ണക്കൂടാരം പ്രവർത്തന ഇടങ്ങളെ പ്രയോജനപ്പെടുത്തി ദൈനംദിന ക്ലാസ്റൂം പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നതിന് പ്രീ-പ്രൈമറി അധ്യാപകർക്ക് പരിശീലനം നൽകിയിട്ടുണ്ട്. വർണ്ണക്കൂടാരം പ്രവർത്തന ഇടങ്ങളുടെ പ്രയോജനം എല്ലാ കുട്ടികൾക്കും ലഭിക്കുന്നു എന്നുറപ്പാക്കാനും ശാസ്ത്രീയ പ്രീ സ്കൂളിംഗിനെപ്പറ്റി രക്ഷാകർത്താക്കൾക്കും പൊതുജനങ്ങൾക്കും ധാരണ നൽകുന്നതിനു മായി കഥോത്സവം, വരയുത്സവം, ആട്ടവും പാട്ടും ഉത്സവം, ഗണിതോത്സവം, |

| | | | |
|---|---|---|---|
| | | | ശാസ്ത്രോത്സവം എന്നിവയും പ്രീപ്രൈമറി ക്ലാസുകളിൽ സംഘടിപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

US Q No 3224

| Sanctioned year | DISTRICT | BRC | UDISE CODE | SCHOOL NAME | Amount Transferred |
|---|---|---|---|---|---|
| 2021-22 | PALAKKAD | Cherpulassery | 32060300608 | GUPSKadambazhipuram | 10,00,000 |
| 2022-23 | PALAKKAD | CHERPULASSERY | 32060300401 | GLPSKULIKKILIYAD | 10,00,000 |
| | PALAKKAD | OTTAPALAM | 32060800309 | GHSAKALUR | 10,00,000 |
| | PALAKKAD | CHERPULASSERY | 32060300403 | GLPSVAKKADAPPURM | 10,00,000 |
| | PALAKKAD | CHERPULASSERY | 32060300613 | MNKMGHSSPULAPPATTA | 5,00,000 |
| | PALAKKAD | Cherpulassery | 32060300201 | GLPSTHANIKKUNNU | 10,00,000 |
| | PALAKKAD | MANNARKKAD | 32060700804 | GHSMANIKKAPARAMBU | 10,00,000 |